LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി

6 [T 5149] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ ഔദ്യോഗികാവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(സി) ഈ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിൽനിന്നും 24-2-2003-ൽ ജി. ഒ. (എം എസ്.) 113/03/ധനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതിനുമുമ്പും അതിനുശേഷവും ഇന്ധനച്ചെലവിലുണ്ടായ വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ഉടനടി അന്വേഷണം നടത്തുകയും, അന്വേഷണത്തിൽ വാഹനം ദുരുപയോഗം ചെയ്തതായി തെളിഞ്ഞാൽ അടിയന്തിര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

(സി) ലഭ്യമായിട്ടില്ല.

കൊക്കക്കോള ഫാക്ടറിക്കെതിരെ സമരം

7 [T 5150] ശ്രീ. കെ. എ. ചന്ദ്രൻ:
„ എൻ. ഡി. അപ്പച്ചൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ കൊക്കക്കോള ഫാക്ടറിക്കെതിരെ ഡി. വൈ. എഫ്. ഐ.-ക്കാർ നടത്തിയിരുന്ന സമരം അവസാനിച്ചുവോ;

(ബി) എങ്കിൽ എപ്രകാരം;

(സി) കഞ്ചിക്കോട് പെപ്സി കോള ഫാക്ടറി പ്രവർത്തിക്കുന്നുണ്ടോ;